ശ്രീ. ഇട്ടീര അമ്മൂക്കൻ: നെല്ലും മറ്റും കരിഞ്ചന്തയിൽ വില്ക്കുന്ന വ്യാപാരികളുടെ വാക്കുമാത്രം കേട്ട് ചില കൃഷിക്കാരെ അറസ്റ്റ് ചെയ്യുന്നതു ശരിയാണോ?

Mr. Speaker: Question disallowed.

ശ്രീ. ആർ. ശങ്കർ: കൺവിക്ട് ചെയ്ത ൪൨ കേസുകളും ഒഴിച്ച് ബാക്കിയെല്ലാം പ്രതികളും നിരപരാധികളാണെന്നുകണ്ട് തള്ളിയിട്ടുള്ളവയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയുള്ളവയും ഉണ്ടായിരിക്കും. പെൻറിംഗായിട്ടുള്ളവയും ഉണ്ടായിരിക്കും.

ശ്രീ. പാറ തളിയത്തു്: ചാർജ്ജ് ചെയ്ത കേസുകളും എതെങ്കിലും പിന്നീടു പിൻവലിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പാറ തളിയത്തു്: ചാർജ്ജു ചെയ്ത ചില കേസുകളും സാങ്കേതികമായ തടസ്സങ്ങളും ഉണ്ടായിരുന്നതുകൊണ്ട് തള്ളിപ്പോയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ചില കേസുകളും ഉണ്ടെന്നു തോന്നുന്നു.

ശ്രീ. ഇ. കെ. മാധവൻ: ഗവൺമെണ്ടു ചാർജ്ജു ചെയ്ത കേസുകളും എതെങ്കിലും തെളിവില്ലാതെ തള്ളിപ്പോയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സൂക്ഷ്മമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല

USE OF GUEST HOUSE CARS FOR ELECTIONS

*559. [3] **Sri. P. S. Nataraja Pillai:** Will the Hon'ble the Chief Minister be pleased to state whether the motor van of the Guest House Department was used for election purposes on the polling day at Nedumangad?

Chief Minis'er **(Sri. T. K. Narayana Pillai):** No.

Sri. P. S. Nataraja Pillai: May I know whether the Government are aware that a State Car used for election purposes broke down at a certain point on the way to Nedumangad?

Sri. T. K. Narayana Pillai: I am not aware of that.

മണക്കാട്ട ലൈബ്രറിയിലെ പച്ചക്കൊടി

*൪൯൦. (൪) സാഹിബ് ബഹദർ കെ. സി. മായൻകുട്ടിമേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം മണക്കാട്ടുള്ള ഒരു ലൈബ്രറിയിൽ നാട്ടിയിരുന്ന ഒരു പച്ചക്കൊടി പോലീസു നീക്കംചെയ്തു എന്നു കണ്ട വാർത്ത ശരിയാണോ; അതെങ്കിൽ മാറ്റുന്നതിനു കാരണമെന്തായിരുന്നു;

(ബി) അതു മാറ്റിയതെന്നാണെന്നും, തിരിയെ കൊടുത്തെങ്കിൽ എന്നു കൊടുത്തുവെന്നും ദയവായി പറയുമോ;

(സി) കൊടി മാറ്റിയതിനെ പ്രതിഷേധിച്ചു് പല മുസ്ലിം സ്ഥാപനങ്ങളും വ്യക്തികളും ഗവൺമെണ്ടിലേക്കു് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ശരിയാണു്. നാട്ടാൻ പാടില്ലാത്ത കൊടിയാണെന്നുള്ള ധാരണയിലാണു് മാറ്റിയതു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫർ—ന്യ—ഫൻ൫ ൦, ഫ ന്യ—വ്യ—ഫൻ൫ ൦.

(സി) ഉണ്ട്.

സാഹിബ് ബഹദൂർ കെ. സി. മായൻകുട്ടിമേത്തർ: തിരിച്ചു കൊടുത്തയച്ചത് ആരുടെ കയ്യിലാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഉടമസ്ഥരായ ജിന്നാ ലൈബ്രറിക്കാരെ ഏൽപിക്കുന്നതിനു് ഒരു മുസ്ലിം പ്രതിനിധിയെ ഏൽപ്പിച്ചു.

ശ്രീ. കെ. ആർ. ഇലങ്കത്ത്: പാകിസ്ഥാൻ കൊടിയും ലീഗ് കൊടിയും തമ്മിൽ പോലീസുകാക്ക് തിരിച്ചറിഞ്ഞുകൂടെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാമെന്നാണു് വിചാരിക്കേണ്ടതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആരുടെ കയ്യിലാണു് ആ കൊടി ഏല്പിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു മുസ്ലിം എം. എൽ. എ. യെ ആണു് ഏൽപ്പിച്ചതു്?

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ലൈബ്രറിവക കൊടിയെ എന്തിനാണു് ഒരു എം. എൽ. എ. യെ ഏൽപ്പിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ കൊടി ലൈബ്രറിക്കാരെ ഏൽപ്പിക്കുന്നതിനു് അധികാരമുണ്ടെന്നു് ബോദ്ധ്യപ്പെട്ട ഒരു മെമ്പറെയാണു് ആ കൊടി ഏൽപ്പിച്ചതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആ മെമ്പർ ആ കൊടിയെ നെടുമങ്ങാട്ട് എലക്ഷൻസമയത്തു അവിടെ എഴുന്നെള്ളിച്ചുകൊണ്ടു നടന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

സ്റ്റാണ്ഡവിലാസ് കെട്ടിടത്തിന്റെ വാടക

*൪൩൫. (൪) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്തു് എം. എൽ. എ. മാർക്കു് താമസസൌകര്യത്തിനുള്ള സ്റ്റാണ്ഡവിലാസ് കെട്ടിടത്തിന്റെ വാടക എന്തായിരുന്നു;

(ബി) ഈ കെട്ടിടത്തിന്റെ വാടകവകയിൽ എത്ര ഉറുപ്പിക അഡ്വാൻസായി കൊടുത്തിരുന്നു;

(സി) ഈ സംഖ്യ തീരുന്നതുവരെ കെട്ടിടം ഒഴിയുവാൻ വയ്യാത്ത ഒരു ജാമ്മ്യനിലയിലാണോ ഗവണ്മെണ്ടു സ്ഥിതിചെയ്യുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൩ ൦ ൦ രൂപാ.

(ബി) അഡ്വാൻസ് കൊടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കെട്ടിടം എം. എൽ. എ. ക്വാർട്ടേഴ്സ് ആയിട്ടു് എടുക്കുന്നതിനുമുമ്പു് എന്തു വാടകക്കാണു് കൊടുത്തിരുന്നതെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കെട്ടിടം തിയ്യിട്ടു് എത്രകാലമായി എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly